# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 03.08.2025** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. ആഗോളതലത്തിൽ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറാനുള്ള മുന്നേറ്റത്തിലാണ് രാജ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സ്വദേശിയുടെ ആത്മാവ് ഉൾക്കൊള്ളാനും തദ്ദേശീയ ഉത്പന്നങ്ങളെ പിന്തുണയ്ക്കാനും ആഹ്വാനം.

   **Prime Minister Narendra Modi stressed that India, poised to become the world's third-largest economy; Prime Minister has called on citizens to adopt the spirit of Swadeshi and support locally made products.**

2. ബൂത്ത് ലെവൽ ഓഫീസർമാരുടെ വേതനം ഇരട്ടിയാക്കിയതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ബിഹാറിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ച ശേഷം പരാതിയൊന്നും ലഭിച്ചിട്ടില്ലെന്നും കമ്മീഷൻ.

   **Election Commission has doubled the remuneration for Booth Level Officers; The Election Commission today said that not a single claim or objection has been filed by any political party in the publication of the draft electoral rolls in Bihar.**

3. പരമ്പരാഗത ഭക്ഷ്യവിജ്ഞാനത്തെ മുഖ്യധാരയിലെത്തിക്കുകയെന്ന ലക്ഷ്യവുമായി ആയുർവേദ ഭക്ഷണക്രമങ്ങളുടെ പട്ടിക ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ പുറത്തിറക്കി.

   **The Food Safety and Standards Authority of India, in consultation with the Ministry of Ayush, has released a definitive list of Ayurvedic food preparations under the category of "Ayurveda Aahara."**

4. ഇന്നലെ അന്തരിച്ച എഴുത്തുകാരനും ചിന്തകനും സാഹിത്യ നിരൂപകനുമായ എം കെ സാനുവിന് വിടനൽകാനൊരുങ്ങി സാംസ്കാരിക കേരളം.

**Kerala is preparing to bid farewell to writer, thinker and literary critic M.K. Sanu, who passed away yesterday.**

5. കേരളത്തിൽ മഴ ശക്തി പ്രാപിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആലപ്പുഴ മുതൽ ഇടുക്കി വരെ നാല് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

**The Central Meteorological Department has predicted that rain will intensify in Kerala. Orange alert has been issued in four districts from Alappuzha to Idukki today.**

6. ഓവൽ ക്രിക്കറ്റ് ടെസ്റ്റ് ആവേശകരമായ അന്ത്യത്തിലേക്ക്; ഇന്ത്യ മുന്നോട്ടുവച്ച 374 റൺസ് വിജയലക്ഷ്യം പിന്തുടരുന്ന ഇംഗ്ലണ്ടിന് ഒരു വിക്കറ്റ് നഷ്ടം.

**In Cricket, hosts England will resume their second innings against India on day 4 of the fifth and final Test of the Anderson-Tendulkar Trophy at The Oval in London today.**

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## HEADLINE-1

## PM-VARANASI (INTRO)

ആഗോളതലത്തിൽ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറാനുള്ള മുന്നേറ്റത്തിലാണ് രാജ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സ്വദേശിയുടെ ആത്മാവ് ഉൾക്കൊള്ളാനും തദ്ദേശീയ ഉത്പന്നങ്ങളെ പിന്തുണയ്ക്കാനും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. ഇന്നലെ ഉത്തർപ്രദേശിലെ വാരണാസിയിൽ 2,200 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഓപ്പറേഷൻ സിന്ദൂരിന്റെ സമയത്ത്, ലോകം മുഴുവൻ ഇന്ത്യയുടെ സ്വാശ്രയ ശക്തികണ്ടതാണെന്നും വരും ദിവസങ്ങളിൽ യുപിയിൽ നിർമ്മിച്ച ബ്രഹ്മോസ് മിസൈലുകൾ ശത്രുക്കൾക്ക് ഭീഷണിയാകുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്)

നേരത്തെ പിഎം കിസാൻ സമ്മാൻ നിധിയുടെ 20-ാം ഗഡു പ്രധാനമന്ത്രി വിതരണം ചെയ്തു. രാജ്യത്തെ 9.7 കോടി കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 20,500 കോടിയിലേറെ രൂപയാണ് 20-ആം ഗഡുവിലൂടെ കൈമാറുന്നത്.

*********************

**HEADLINE-2**

**MORN. REMUNERATION-BLOs**

ബൂത്ത് ലെവൽ ഓഫീസർമാരുടെ വേതനം വർദ്ധിപ്പിച്ചതായി തിരഞ്ഞെടുപ്പ് കമ്മീഷൻ. ആറായിരത്തിൽ നിന്ന് പന്ത്രണ്ടായിരം രൂപയായാണ് വർദ്ധന. വോട്ടർ പട്ടിക പരിഷ്കരണത്തിനുള്ള ഇൻസെന്റീവ് ആയിരം രൂപയിൽ നിന്ന് രണ്ടായിരം രൂപയായി വർദ്ധിപ്പിച്ചു.

*********************

**HEADLINE-2a**

**BIHAR ELECTORAL ROLLS**

ബിഹാറിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ച് 24 മണിക്കൂർ പിന്നിടുമ്പോഴും പരാതിയൊന്നും ലഭിച്ചിട്ടില്ലെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ. അർഹരായ വോട്ടർമാരെ ഒഴിവാക്കിയെന്നോ അർഹരല്ലാത്തവർ കടന്നുകൂടിയെന്നോ പരാതിയില്ല. ബിഹാറിലെ വോട്ടർപ്പട്ടിക പരിഷ്ക്കരണത്തെക്കുറിച്ച് പാർലമെന്റിൽ ഭരണപ്രതിപക്ഷ അംഗങ്ങൾ തമ്മിൽ നേരത്തെ തർക്കത്തിലേർപ്പെട്ടിരുന്നു.

*********************

**HEADLINE-3**

**FSSAI-AYURVEDA AAHARA**

ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ ആയുർവേദ ഭക്ഷണക്രമങ്ങളുടെ പട്ടിക പുറത്തിറക്കി. പരമ്പരാഗത ഭക്ഷ്യവിജ്ഞാനത്തെ മുഖ്യധാരയിലെത്തിക്കാൻ അതോറിറ്റിയുടെ നടപടി സഹായകമാകും. ആധികാരിക ആയുർവേദ ഗ്രന്ഥങ്ങളിൽ നിന്നുള്ള പാചകക്കുറിപ്പുകൾ, ചേരുവകൾ, പ്രക്രിയകൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഭക്ഷണങ്ങളെയാണ് ചട്ടങ്ങളിലൂടെ അംഗീകരിക്കുന്നത്, ഉപഭോക്താക്കൾക്കും ബിസിനസുകാർക്കും വ്യക്തതയും ആത്മവിശ്വാസവും പകരും.

*********************

## MORN. GADKARI- INFRA-LED ECONOMY

ദേശീയ പാത അതോറിറ്റിയുടെ കീഴിലുള്ള ദേശീയ പാതകളുടെ ദൈർഘ്യം 120 ശതമാനം വർദ്ധിച്ചതായി കേന്ദ്ര ഉപരിതല ഗതാഗത ദേശീയ പാത മന്ത്രി നിതിൻ ഗഡ്കരി. 2014 ലെ 4,000 കിലോമീറ്ററിൽ നിന്ന് 2025 ആയപ്പോൾ 8,700 കിലോമീറ്ററായാണ് വർദ്ധിച്ചത്. മികച്ച റോഡുകൾ യാഥാർത്ഥ്യമായതോടെ ചരക്ക് ഗതാഗതത്തിനുള്ള ചെലവ് 16 ശതമാനത്തിൽ നിന്ന് 10 ശതമാനമായി കുറഞ്ഞു. ഡിസംബറോടെ ഇത് ഒമ്പത് ശതമാനമായി കുറയ്ക്കാനാകും. ഗതാഗതച്ചെലവ് കുറയുന്നതോടെ കയറ്റുമതി ഇരട്ടിയാകുമെന്നും തൊഴിലവസരങ്ങൾ വർദ്ധിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

*********************

## GUJ: ASHWINI VAISHNAW

കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് ഗുജറാത്തിലെ ഭാവ്നഗർ റെയിൽവേ സ്റ്റേഷനിൽ ഭാവ്നഗർ-അയോധ്യ പ്രതിവാര ട്രെയിൻ ഫ്ലാഗ് ഓഫ് ചെയ്യും. രേവ മുതൽ പുനെ വരെയും, ജബൽപൂർ മുതൽ റായ്പ്പൂർ വരെയുള്ള മറ്റു രണ്ടു ട്രെയിൻ സർവീസുകളും അദ്ദേഹം വെർച്വലായി ഉദ്ഘാടനം ചെയ്യും. ഗുജറാത്ത്

മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ, മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവ്, ഛത്തീസ്ഗഡ് മുഖ്യമന്ത്രി വിഷ്ണു ദിയോ സായ്, കേന്ദ്ര മന്ത്രിമാരായ മൻസുഖ് മാണ്ഡവ്യ, നിമു ബെൻ ബമാനിയ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

*********************

## MORN. NEET EXAM

ഈ വർഷത്തെ NEET PG പരീക്ഷ ഇന്ന്. രാവിലെ 9 മുതൽ ഉച്ചയ്ക്ക് 12:30 വരെ ഒറ്റ ഷിഫ്റ്റിലാണ് പരീക്ഷ നടക്കുക. ഉദ്യോഗാർത്ഥികൾ രാവിലെ 8:30 ന് മുൻപ് പരീക്ഷ കേന്ദ്രത്തിൽ പ്രവേശിക്കണം. ഏകദേശം 2.50 ലക്ഷത്തോളം മെഡിക്കൽ ബിരുദധാരികളാണ് പരീക്ഷയ്ക്കായി അപേക്ഷിച്ചിട്ടുള്ളത്.

*********************

## KERALA FILM POLICY CONCLAVE

കേരള ഫിലിം പോളിസി കോൺക്ലേവിന് ഇന്ന് സമാപനം. മന്ത്രി സജി ചെറിയാൻ സമാപന സമ്മേളനത്തിൽ പങ്കെടുക്കും. ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ സമാപന സമ്മേളനത്തിൽ മുഖ്യ അതിഥി ആയി പങ്കെടുക്കും. ഇന്നലെ ആരംഭിച്ച കോൺക്ലേവിൽ സിനിമ മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ചർച്ചകൾ നടന്നു. സിനിമാ മേഖലയിൽ നിന്നുള്ള പ്രതിനിധികൾ പാനൽ ചർച്ചകളിൽ പങ്കെടുത്തു.

*********************

### HEADLINE-4

## PRO. M K SANU (INTRO)

പ്രൊഫ. എം കെ സാനുവിന് വിടനൽകാനൊരുങ്ങി സാംസ്കാരിക കേരളം. വിടവാങ്ങുന്നത് എഴുത്തുകാരനും ചിന്തകനും സാഹിത്യ നിരൂപകനും അധ്യാപകനുമെന്ന നിലയിൽ തലമുറകളെ

പ്രചോദിപ്പിച്ച് പ്രതിഭ. പ്രൊഫ. എം കെ സാനുവിന്റെ സംസ്കാരം ഇന്ന് നടക്കും.

**വിശദാംശങ്ങളിലേക്ക്....**

*ഭൗതികദേഹം രാവിലെ പത്തു മുതൽ എറണാകുളം ടൗൺഹാളിൽ പൊതുദർശനത്തിന് വെക്കും. വൈകിട്ട് എറണാകുളം രവിപുരം ശ്മശാനത്തിൽ പൂർണ ഔദ്യോഗിക ബഹുമതികളോടെയാണ് സംസ്കാരം. ഇന്നലെ വൈകിട്ടാണ് എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ വെച്ചാണ് അദ്ദേഹം അന്തരിച്ചത്. പ്രൊഫ. എം കെ സാനുവിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രിമാരും പ്രതിപക്ഷനേതാവും ഉൾപ്പെടെ പ്രമുഖർ അനുശോചിച്ചു. കേരള ജ്യോതി പുരസ്കാരം, കേന്ദ്ര കേരള സാഹിത്യ അക്കാദമി പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം തുടങ്ങി നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. 40-ഓളം കൃതികൾ രചിച്ചു. 'കർമ്മഗതി'യാണ് അദ്ദേഹത്തിന്റെ ആത്മകഥ. ന്യൂസ് ഡെസ്ക് ആകാശവാണി....*

*********************

## HEADLINE-5

## RAIN-KERALA

കേരളത്തിൽ മഴ ശക്തി പ്രാപിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആലപ്പുഴ മുതൽ ഇടുക്കി വരെ നാല് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കള്ളക്കടൽ പ്രതിഭാസത്തെ തുടർന്ന് തിരുവനന്തപുരം കാപ്പിൽ മുതൽ പൊഴിയൂർ വരെ ഇന്ന് വൈകുന്നേരം മുതൽ നാളെ രാത്രി വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണമെന്ന് മുന്നറിയിപ്പ്.

*********************

## GOVERNOR-TEMPORARY VC

കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറുമായി, മന്ത്രിമാരായ പി രാജീവും ആർ ബിന്ദുവും ഇന്ന് കൂടിക്കാഴ്ച നടത്തുമെന്ന് സൂചന. സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിസിമാരുടെ നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചയായേക്കും. സുപ്രീം കോടതി വിധിയെത്തുടർന്ന് സാങ്കേതിക, ഡിജിറ്റൽ സർവ്വകലാശാലകളിൽ താത്കാലിക വിസിമാർക്ക് ചാൻസലർ കൂടിയ ഗവർണർ പുനർനിയമനം നൽകിയിരുന്നു.

*********************

## BHARATHEEYA VICHARA KENDRAM

ഭാരതീയ വിചാരകേന്ദ്രം സംസ്ഥാന പഠന ശിബിരം ഇന്ന് മാഹിയിൽ നടക്കും. മുനിസിപ്പൽ ടൗൺ ഹാളിൽ രാവിലെ അഖില ഭാരതീയ സംയോജകൻ പ്രജ്ഞാപ്രവാഹ് ജെ.നന്ദകുമാർ ഉദ്ഘാടനം ചെയ്യും. തുടർന്ന് വിവിധ വിഷയങ്ങളിൽ അവതരണം നടക്കും. വിശാല ഭാരതം പവിത്ര ഭാരതം, ഭാരത ദേശീയത-രാജ നൈതിക സാംസ്കാരിക പരിപ്രേക്ഷ്യം, ഏകാത്മ മാനവ ദർശനം തുടങ്ങിയ വിഷയങ്ങളിൽ പ്രമുഖർ സംസാരിക്കും.

*********************

### HEADLINE-6

## CRICKET- IND-ENG TEST

ഓവൽ ക്രിക്കറ്റ് ടെസ്റ്റ് ആവേശകരമായ അന്ത്യത്തിലേക്ക്. ഇന്ത്യ മുന്നോട്ടുവച്ച 374 റൺസ് വിജയലക്ഷ്യം പിന്തുടരുന്ന ഇംഗ്ലണ്ട് ഇന്നലെ ഒരു വിക്കറ്റ് നഷ്ടത്തിൽ 50 റൺസ് നേടി. അഞ്ചാമത്തെയും അവസാനത്തെയും മത്സരത്തിൽ ഇന്ത്യക്കെതിരായ രണ്ടാം ഇന്നിങ്സ് ഇംഗ്ലണ്ട് ഇന്ന്

പുനഃരാരംഭിക്കും. ഉച്ചകഴിഞ്ഞ് 3:30 നാണു മത്സരം. നിലവിൽ ഇംഗ്ലണ്ട് 2-1 എന്ന നിലയിൽ മുന്നിലാണ്.

*********************

## LONG JUMP- GOLD

കസാക്കിസ്ഥാനിൽ നടക്കുന്ന വേൾഡ് അത്‌ലറ്റിക്സ് കോണ്ടിനെന്റൽ ടൂർണമെന്റ് ലോംഗ്ജമ്പിൽ ഇന്ത്യയുടെ മുരളി ശ്രീശങ്കറിനു സ്വർണ്ണം. ആദ്യ ശ്രമത്തിൽ തന്നെ 7.94 മീറ്റർ ചാടിയാണ് മുരളി ശ്രീശങ്കർ സുവർണ്ണ നേട്ടം സ്വന്തമാക്കിയത്. ഫിലിപ്പീൻസ് താരം വെള്ളിയും അസർബൈജാൻ താരം വെങ്കലവും നേടി.

*********************

## THREE TERRORISTS WERE KILLED

ജമ്മു കശ്മീരിൽ, ദക്ഷിണ കശ്മീരിലെ കുൽഗാം ജില്ലയിൽ സുരക്ഷാ സേനയുമായുള്ള ഏറ്റുമുട്ടലിൽ മൂന്ന് ഭീകരർ കൊല്ലപ്പെട്ടു. ഭീകരർക്കെതിരായ നടപടി തുടരുകയായെന്ന് ജമ്മു കാശ്മീർ പോലീസ് അറിയിച്ചു. പ്രദേശം സൈന്യം വളഞ്ഞിരിക്കുകയാണ്.

*********************

## C-295 MILITARY TRANSPORT

രാജ്യത്തെ പ്രതിരോധ നവീകരണത്തിലെ സുപ്രധാന നീക്കമായ 16 എയർബസ് സി-295 സൈനിക വിമാനങ്ങളുടെ അവസാന ബാച്ച് ലഭിച്ചു. സ്പെയിനിലെ സെവില്ലിൽ നടന്ന ചടങ്ങിൽ ഇന്ത്യൻ അംബാസഡർ ദിനേശ് കെ പട്നായിക്കും മുതിർന്ന ഇന്ത്യൻ വ്യോമസേന ഉദ്യോഗസ്ഥരും പങ്കെടുത്തു. ഷെഡ്യൂളിന് രണ്ട് മാസം മുൻപ് കൈമാറ്റം നടന്നതായി മാഡ്രിഡിലെ ഇന്ത്യൻ എംബസി അറിയിച്ചു. 2024 ഒക്ടോബറിൽ, പ്രധാനമന്ത്രി നരേന്ദ്രമോദിയും സ്പെയിൻ പ്രധാനമന്ത്രി പെഡ്രോ സാഞ്ചസും

ചേർന്ന് ഒപ്പ് വെച്ച കരാറിന്റെ ഭാഗമായാണ് സി-295 സൈനിക വിമാനങ്ങളുടെ കൈമാറ്റം.

*********************

## I DAY DELHI POLICE

സ്വാതന്ത്ര്യദിനാഘോഷത്തിന് മുന്നോടിയായി, ഡൽഹിയിൽ സുരക്ഷ ശക്തമാക്കി പോലീസ്. ഈ മാസം 16 വരെ പാരാഗ്ലൈഡറുകൾ, ആളില്ലാ ആകാശ വാഹനങ്ങൾ, ആളില്ലാ വിമാനങ്ങൾ, മൈക്രോലൈറ്റ് വിമാനങ്ങൾ തുടങ്ങി പരമ്പരാഗത വ്യോമ സംവിധാനങ്ങൾ പറത്തുന്നതിന് നിരോധനം ഏർപ്പെടുത്തി.

*

*********

*********************************